"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീ.ഷാജി.വി ക്ക് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.974/2023/LSGD തീയതി,തിരുവനന്തപുരം, 05-05-2023

---

പരാമർശം:- 1. 28.06.2000ലെ 5966/Adv-C3/2000/ഉഭപവ നമ്പർ സർക്കുലർ.

2. സ.ഉ(പി)നം.15/2020/പൊഭവ, തീയതി 28.10.2020

3. ശ്രീ.ഷാജി.വി യുടെ 28.02.2023 ലെ അപേക്ഷ

4. പ്രിൻസിപ്പൽ ഡയറക്ടറുടെ 24.03.2023 ലെ LSGD/PD/16879/2023-DEC4 നമ്പർ കത്ത്

**ഉത്തരവ്**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന പഞ്ചായത്ത് വകുപ്പിൽ മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീ.ഷാജി.വി, ടിയാൾ ചെർപ്പുളശ്ശേരി ഐഡിയൽ ട്രെയിനിങ് കോളേജിൽ ബി.എഡ്. വിദ്യാർത്ഥിയാണെന്നും കോഴ്സ് കാലാവധി വരെ പ്രവേശന കാലാവധി ദീർഘിപ്പിച്ച് നല്കണമെന്നും അപേക്ഷിച്ച് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ചെർപ്പുളശ്ശേരി ഐഡിയൽ ട്രെയിനിങ് പ്രിൻസിപ്പാൾ ഹാജരാക്കിയ കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം 31.07.2023 വരെയാണ് കോഴ്സ് കാലാവധി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീ.ഷാജി.വി ബി.എഡ്. വിദ്യാർത്ഥിയാണെ വസ്തുത കണക്കിലെടുത്ത് സൂചന (2) ഉത്തരവിലെ ഖണ്ഡിക 3(iii) പ്രകാരം ടിയാൾക്ക് ക്ലാർക്ക് തസ്തികയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി നിയമന ഉത്തരവ് തീയതി മുതൽ 31.07.2023 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ശ്രീ.ഷാജി.വി യുടെ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി കെ.എസ്.& എസ്.എസ്.ആർ. ഭാഗം II, ചട്ടം 27 (സി)യുടെ ഒന്നാം പ്രൊവിസോ പ്രകാരം ടിയാൻ സേവനത്തിൽ പ്രവേശിക്കുന്ന ദിവസം മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി., തിരുവനന്തപുരം.

തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, മലപ്പുറം (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

സെക്രട്ടറി, പുറത്തൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ശ്രീ.ഷാജി.വി, ക്ലാർക്ക്, പുറത്തൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം ( സർക്കാരിന്റെ
വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ (ഇപിഎ1/50/2023/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 05-05-2023 10:46:19